നം.കെ.എസ്.എ.പി.റ്റി.എപി9/1450/2016 തീയതി: 20.01.2017

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)- വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13–ാംവകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | കെ.എസ്.എ.പി.റ്റി.എ/പി9/1450/2016 തീയതി 20/01/2017 (വിശേഷണങ്ങളില്ലാത്ത് ) |

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

തണ്ണിത്തോട് ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിലെ 12-07-2016 മുതൽ 01-12-2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 19-12-2016 മുതൽ 28-12-2016 വരെ | ശ്രീ. എൻ. പ്രദീപ് കുമാർ (ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി. സി. വീണ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |

| | |
|---|---|
| | |
| | ശ്രീമതി. ലേഖ ജനാർദ്ദനൻ (സീനിയർ ഗ്രേഡ് ഓഡിറ്റർ) |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ ജെയിംസ്. കെ.ജെ. | 01-04-15മുതൽ 31-10-15 വരെ |
| | ഭരണ നിർവ്വഹണ സമിതി | 01-11-2015 മുതൽ 11-11-15 വരെ |
| | ശ്രീമതി. അമ്പിളി.എം.വി. | 12-11-2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ കെ സുബാഷ് ചന്ദ്രൻ | 01-04-15മുതൽ 24-07-15 വരെ |
| | ശ്രീ.ബി. സുനിൽ, അസി സെക്രട്ടറി ഇൻ ചാർജ്ജ് | 25-07-15മുതൽ 28-07-15വരെ |
| | ശ്രീ. മുകുന്ദൻ വി | 29-07-15മുതൽ 07-08-15 വരെ |
| | ശ്രീ. ബി.സുനിൽ, അസി സെക്രട്ടറി ഇൻ ചാർജ്ജ് | 08-08-15മുതൽ 20-08-15വരെ |
| | ശ്രീ.ജി സുനിൽ കുമാർ | 21-08-15മുതൽ 07-02-16വരെ |
| | ശ്രീ കെ പി സുനിൽ കുമാർ | 08-02-16മുതൽ 31-03-16 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ

അനുബന്ധ രേഖകൾ

1) റസിപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

2) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

3) ബാലൻസ് ഷീറ്റ്

4) ഓഡിറ്റ് സർട്ടിഫിക്കറ്റ്

| സൂചിക | | |
|---|---|---|
| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
| | ഭാഗം- 1 | |
| 1 | ബജറ്റ് | 1-1 |
| 2 | സാമ്പത്തിക വിശകലനം | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | തനത് വരുമാനം | 1-5 |
| 6 | നിർബന്ധിത വകയിരുത്തലുകൾ | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |
| 12 | വസ്തു നികുതി പരിഷ്കരണ നടപടികൾ അപൂർണ്ണം | 2-1 |
| 13 | തൊഴിൽ നികുതി മതിയായ നിരക്കിൽ ഈടാക്കുന്നില്ല | 2-2 |
| 14 | ഡി&ഒ ലൈസൻസ് എടുക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല | 2-3 |
| 15 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-4 |

| | | |
|---|---|---|
| 16 | കുട്ട വഞ്ചി സവാരിയിൽ നിന്ന് വിനോദ നികുതി- ഈടാക്കുന്നതിന് സർക്കാർ തലത്തിൽ തുടർ നടപടികൾ അനിവാര്യം | 2-5 |
| | ഭാഗം-3 | |
| 17 | വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിക്ക് സർക്കാരിന്റെ പ്രത്യേക അനുമതിയില്ലാതെ ഗ്രാമപ്പഞ്ചായത്ത് വികസന ഫണ്ട് നൽകി | 3-1 |
| 18 | സെന്റേജ് ചാർജിനത്തിൽ പെരുപ്പിച്ച കണക്കുകൾ - വാട്ടർ അതോറിറ്റിയുടെ പക്കൽ അവശേഷിക്കുന്ന തുക കണക്കാക്കിയതിൽ വൻ പിശക് | 3-1(എ) |
| 19 | വാട്ടർ അതോറിറ്റി മുഖേന വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ - പണികൾ പൂർത്തീകരിച്ചശേഷം അവശേഷിച്ച 34 ലക്ഷം രൂപ തിരികെ വാങ്ങിയില്ല | 3-2 |
| 20 | തേക്കുതോട് കുടിവെള്ളപദ്ധതി തകരാറിൽ - ആവശ്യത്തിന് ശുദ്ധജലം ഉണ്ടായിട്ടും പര്യാപ്തമാംവിധം കുടിവെള്ളം എത്തിക്കാനാകുന്നില്ല | 3-3 |
| 21 | നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കുന്നെങ്കിലും കൈപ്പറ്റ് രസീത് ലഭിയ്ക്കുന്നില്ല | 3-4 |
| 22 | കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല | 3-5 |
| 23 | 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി - ചെലവ് നഷ്ടം | 3-6 |
| 24 | ഗുണഭോക്തൃസമിതികൾ - പ്രവൃത്തി നിർവ്വഹണം സുതാര്യമല്ല – ടെണ്ടർ നടപടി സ്വീകരിക്കുന്നില്ല. | 3-7 |
| 25 | മരാമത്ത് പ്രവൃത്തികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-8 |
| 26 | ആട്ടഗ്രാമം പദ്ധതി | 3-9 |
| 27 | ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-10 |
| 28 | കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടയ്ക്കൽ | 3-11 |
| 29 | വൈദ്യുതി ചാർജ്ജ്- മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നില്ല | 3-12 |
| 30 | എബിസി പ്രോഗ്രാം- തുകയുടെ വിനിയോഗ രേഖകൾ ഇല്ല | 3-13 |
| 31 | പഞ്ചായത്തിന്റെ വിവരങ്ങൾ ഡോക്യുമെന്റേഷൻ ചെയ്യിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു | 3-14 |
| 32 | ആശ്രയ പദ്ധതി - അവലോകനം | 3-15 |
| 33 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-16 |

| | | |
|---|---|---|
| | ഭാഗം-4 | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-3 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 38 | ഓഡിറ്റ് റിക്കവറി | 4-5 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |


# ഭാഗം 1

## പൊതു അവലോകനം

### **(1-1)** ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് 24-03-2015ലെ I-ാം നന്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും 24-07-2015ൽ പുതുക്കി അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി. | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)/ചെലവ്. | | യഥാർത്ഥത്തിലുള്ളത് | കുറവ് | കുറവ് ശതമാനത്തിൽ |
|---|---|---|---|---|---|---|
| 2015-16 | 24-07-16 | വരവ് | 192459027 | 75406291 | 53446940 | 27.77 |
| | | ചെലവ് | 131780000 | 73096758 | 40627038 | 30.83 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ, സ്ഥാപനത്തിലെ ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിൽ ലഭിക്കാനുള്ള തനത് വരവ് ഇനങ്ങളെ സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് തുക കണക്കാക്കേണ്ടത്. എന്നാൽ അശാസ്ത്രീയമായി ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റ് നിർദ്ദേശങ്ങളും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾക്ക് ഓരോ വർഷവും ജനുവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും ബജററ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

## (1-2) സാമ്പത്തിക വിശകലനം

2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പെയ്മെന്റ് കണക്കുകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വിശകലനമാണ് ചുവടെ ചേർത്തിരിക്കുന്നത്.

| | |
|---|---|
| മുന്നിരിപ്പ് | 45460634 |
| വരവ് | 29945657 |
| ആകെ | 75406291 |
| ചെലവ് | 73096758 |
| നീക്കിയിരുപ്പ് | 2309533 |

## (1-3) ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ വരവ് | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് | 13433800 | 4446067 | 13421252 | 31301119 | 28227707 | 3073412 | 31301119 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| (ജനറൽ ) | | | | | | | | |
| (എസ്.സി.പി ) | 2850636 | 2912975 | 0 | 5763611 | 3635843 | 2127768 | 5763611 | 0 |
| (റ്റി.എസ്.പി ) | 0 | 36000 | 0 | 36000 | 36000 | 0 | 36000 | 0 |
| KLGSDP | 6607229 | 715073 | 0 | 7322302 | 1893505 | 5428797 | 7322302 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10720304 | 9993437 | 0 | 20713741 | 14849054 | 5864687 | 20713741 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 5262531 | 2579530 | 0 | 7842061 | 7842061 | - | 7842061 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4227249 | 2223214 | 0 | 6450463 | 6450463 | 0 | 6450463 | 0 |
| MGNREGS | 0 | 12106969 | 0 | 12106969 | 12106400 | 0 | 12106400 | 569 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1427675 | 4495729 | 0 | 5923404 | 4226097 | 0 | 4226097 | 1697307 |

## (1-4) പദ്ധതി അവലോകനം

2015-16സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായിനടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം ) | നടപ്പാക്കാത്തവ (എണ്ണം ) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 227 | 89848072 | 173 | 20 | 34 | 63017133 | 76.21 |

## (1-5) തനത് വരുമാനം

| ഇനം | മുൻ വർഷം | തൻവർഷ വരവ് | വ്യത്യാസം (-/+) | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 573040 | 602660 | + 29620 | 5.17 |
| നികുതിയേതര വരവുകൾ | 306304 | 175049 | - (131255) | (42.85) |
| മറ്റു വരവുകൾ | 7751 | 8031 | + 280 | 3.61 |
| ആകെ | 887095 | 785740 | - (101355) | (11.43) |

## (1-6) നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | വകയിരുത്തൽ | ചെലവ് |
|---|---|---|
| വനിതാ ഘടക പദ്ധതി | 7094943 | 2443225 |

| | | |
|---|---|---|
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 5843846 | 5552846 |
| പാലിയേറ്റിവ് കെയർ | 400000 | 398016 |
| യുവജന വികസന പദ്ധതി | 1323049 | 464535 |

## (1-7) പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 7 | 7497443 | 7 | 1930717 | 25.75 |
| സേവനം | 77 | 33714612 | 44 | 232089908 | 68.8 |
| പശ്ചാത്തലം | 143 | 48636017 | 122 | 37877418 | 77.87 |
| മേഖലാ വിഭജനത്തിൽ പെടാത്തത് | 0 | 0 | 0 | 0 | 0 |

## (1-8) ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 423 | 3032310 |
| വിധവാപെൻഷൻ | 587 | 5316320 |
| 50വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9 | 90480 |
| വാർദ്ധക്യകാലപെൻഷൻ | 1090 | 5826720 |
| വികലാംഗപെൻഷൻ | 173 | 1636225 |

## (1-9) ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-12-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 23697/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## (1-10) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 05/12/2016 | 10/2016,11/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 17/04/2009-29/04/2009 | 2004-08 | 28/05/2009 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### (2-1) വസ്തു നികുതി പരിഷ്കരണ നടപടികൾ- ഡാറ്റാ എൻട്രി അപൂർണ്ണം

വസ്തു നികുതി പരിഷ്കരണം പൂർത്തിയാകുന്ന മുറയ്ക്ക് നികുതിദായകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ നികുതി ഒടുക്കുവാൻ കഴിയണം എന്ന ലക്ഷ്യത്തോടെയാണ് വസ്തു നികുതി കംപ്യൂട്ടറൈസേഷൻ സംവിധാനം ആവിഷ്കരിച്ചത്. എന്നാൽ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച നടപടികൾ അന്തിമ ഘട്ടത്തിലാണ്. എന്നാൽ 01-04-2013 ൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കി നിർണ്ണയിച്ചതിന്റെ വിവരങ്ങളുടെ ഡാറ്റാ എൻട്രി സഞ്ചയ സോഫ്റ്റ് വെയറിൽ പൂർണ്ണമായിട്ടില്ല.

നികുതിയുടെ ഡാറ്റാ എൻട്രി വൈകുന്നത് മൂലം വസ്തുനികുതിയുടെ ഡി.സി.ബി. കൃത്യമായി കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. വസ്തു നികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതുമാണ്.

### (2-2) തൊഴിൽ നികുതി കൃത്യമായ നിരക്കിൽ ഈടാക്കിയില്ല.

കേരളപഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടം3 പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാരിൽ നിന്നും വരുമാനത്തിന് അനുസൃതമായി കൃത്യമായ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | പേര്/അഡ്രസ് | ഈടാക്കുന്ന തൊഴിൽ നികുതി |
|---|---|---|
| 1 | ഡോ കെ രാമചന്ദ്രൻ പിള്ള,<br>മാതാ ക്ലിനിക്ക്, തണ്ണിത്തോട് | 360 |
| 2 | ഡോ ശ്രുശീൽ ലക്ഷമൺ<br>സെന്റ് മേരീസ് ക്ലിനിക്ക്<br>തണ്ണിത്തോട് | 600 |
| 3 | ഡോ ചാക്കോ വർഗ്ഗീസ്<br>സെന്റ് ജൂഡ് ക്ലിനിക്ക്<br>തണ്ണിത്തോട് | - |
| 4 | ഡോ ബിനു ജി നായർ<br>നിർമ്മൽ ഡെന്റൽ ക്ലിനിക്ക് | 1200 |

ഡോക്ടർമാരിൽ നിന്നും കൃത്യമായ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## (2-3) ഡി&ഒ ലൈസൻസ് എടുക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല

തൻ വർഷം ഡി &ഒ ലൈസൻസ് എടുത്ത 169 സ്ഥാപനങ്ങളിൽ ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചത് 42 സ്ഥാപനങ്ങൾ മാത്രമാണ്. 31.03.15 ന് മുമ്പായി ലൈസൻസ് എടുത്തിട്ടുള്ളത് 7 സ്ഥാപനങ്ങൾ മാത്രമാണ്. (ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളും 01.04.2015 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്.) 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

## (2-4) റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 9 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 2 റേഷൻ കടകളിൽ നിന്നും മാത്രമേ ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കുന്നുള്ളൂ. അവശേഷിക്കുന്ന 7റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-5) കുട്ട വഞ്ചി സവാരിയിൽ നിന്ന് വിനോദ നികുതി-ഈടാക്കുന്നതിന് തുടർ നടപടികൾ അനിവാര്യം

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ മണ്ണീറ എന്ന സ്ഥലത്ത് കല്ലാറിൽ കേരള വനം വകുപ്പിന്റെ നിയന്ത്രണത്തിൽ നടത്തി വരുന്ന വരുമാനദായക വിനോദമായ കുട്ടവഞ്ചി സവാരിക്ക് വിനോദനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് 2012-13 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-5 ആയി നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ ലക്ഷ്യം കണ്ടില്ല.

കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ട് 1961 ലെ 3 മുതൽ 12 വരെയുള്ള സെക്ഷനുകൾ പ്രകാരം കുട്ടവഞ്ചിയിൽ നിന്നും വിനോദ നികുതി ഈടാക്കി നൽകണമെന്ന് പഞ്ചായത്ത് 4.4.2016 ൽ കോന്നി ഡി എഫ് ഒ, യോട് ആവശ്യപ്പെട്ടിരുന്നു.

കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് റൂൾ 1962 ചട്ടം 6 പ്രകാരം ടിക്കറ്റ് മുഖേന നടത്തുന്ന ഒരു വിനോദത്തിനായി നൽകുന്ന ടിക്കറ്റുകൾ പഞ്ചായത്തിൽ നിന്നും സീൽ ചെയ്ത് മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ. ഇതനുസരിച്ച്, ചട്ട പ്രകാരം പഞ്ചായത്തിന് ചട്ടങ്ങൾക്ക് വിധേയമായി ലഭിക്കേണ്ട വിനോദ നികുതി 30 ശതമാനമായി 14.03.2016 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2-ാം നമ്പർ ആയി നിശ്ചയിച്ച് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ആവശ്യമുന്നയിച്ചത്. എന്നാൽ ഈ വിഷയത്തിൽ വനം വകുപ്പിൽ നിന്നും അനുകൂല പ്രതികരണമുണ്ടായില്ല. ഈ സാഹചര്യത്തിൽ, ഈ വിഷയത്തിൻമേൽ സംസ്ഥാന സർക്കാരിനെയും കോടതിയെയും സമീപിക്കുന്നതിന് 28.05.2016 ലെ 7(8)-ാം നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

എന്നാൽ വിനോദനികുതി നിരക്ക് നിശ്ചയിച്ച് കൊണ്ട് ബൈലോ തയ്യാറാക്കുകയോ പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം വാങ്ങുകയോ ചെയ്യുന്നതിന് അധികൃതർ നടപടി സ്വീകരിച്ചിട്ടില്ല.

ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയ ശേഷം ഈ വിഷയത്തിൽ സർക്കാരിനെ സമീപിച്ച് വിനോദ നികുതി ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. തനത് ഫണ്ടിനത്തിലുള്ള വരുമാന സ്രോതസ്സ് പ്രയോജനപ്പെടുത്താതിരിക്കുന്നത് പഞ്ചായത്ത് ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്ത് നിന്നുള്ള ഗുരുതരമായ അനാസ്ഥയാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### (3-1) വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിക്ക് സർക്കാരിന്റെ പ്രത്യേക അനുമതിയില്ലാതെ ഗ്രാമപ്പഞ്ചായത്ത് വികസന ഫണ്ട് നൽകി-ക്രമവിരുദ്ധം

വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിക്ക് ഗ്രാമപ്പഞ്ചായത്ത് വികസന ഫണ്ട് നൽകി. മേക്കണ്ണം-ഇടക്കണ്ണം കുടിവെള്ള പദ്ധതിക്കാണ് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങാതെ ഫണ്ട് വിനിയോഗിച്ചത്. പദ്ധതിക്കായി 2010-11 മുതൽ നാളിതുവരെ വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഡി.ഡി. നമ്പർ / തീയതി | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 097428/ 24-09-2010 | 400000 |
| ഗ്രാമപ്പഞ്ചായത്ത് - വികസന ഫണ്ട് | 097429/29-9-2010 | 1259688 |
| ഗ്രാമപ്പഞ്ചായത്ത് - വികസന ഫണ്ട് | 95749/ 15.02.2012 | 1100000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 112527 / 25-6-12 | 600000 |
| ഗ്രാമപ്പഞ്ചായത്ത് - വികസന ഫണ്ട് | 205937 / 16-3-13 | 700000 |
| ഗ്രാമപ്പഞ്ചായത്ത് - വികസന ഫണ്ട് | 205058 / 28-1-13 | 165000 |
| ഗ്രാമപ്പഞ്ചായത്ത് - വികസന ഫണ്ട് | 681410, 681409 / 27-12-13 | 850000 |
| മൂർത്തിമൺ കുടിവെള്ള പദ്ധതിക്കായി നിക്ഷേപിച്ച തുക മേക്കണ്ണം-ഇടക്കണ്ണം പദ്ധതിക്കായി വകമാറ്റിയത് | | 310500 |
| ഗ്രാമപ്പഞ്ചായത്ത് - വികസന ഫണ്ട് | 564364 / 10-4-15 | 985000 |
| ആകെ | | 6370188 |

പദ്ധതി പൂർത്തീകരിച്ചതായി 23-9-15 ലെ DB5/398/11 നംപർ കത്ത് പ്രകാരം വാട്ടർ അതോറിറ്റി പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ പ്രതിപാദിച്ചത് പ്രകാരം പദ്ധതിക്കുണ്ടായ ചെലവ് 4636077 രൂപ ആണ്. ജി.എൽ ടാങ്ക്, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ എന്നിവയുടെ പണിക്കായി 1981902 രൂപയും സി.എഫ് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് ചെലവഴിച്ച 578678 രൂപയും ഇതിൽ ഉൾപ്പെടുന്നു.

വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയുടെ ചെലവ് പൂർണ്ണമായും ഗ്രാമപ്പഞ്ചായത്ത് ഏറ്റെടുത്തതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങാത്തത് ഗുരുതരമായ അപാകതയാണ്. ഗ്രാമപ്പഞ്ചായത്തിന്റെ തന്നെ ആസ്തി ആയി നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾക്ക് മാത്രമേ വികസന ഫണ്ട് വിനിയോഗിക്കാൻ നിലവിൽ അനുമതിയുള്ളൂ എന്നിരിക്കെ ഇപ്രകാരം ലക്ഷങ്ങൾ ക്രമവിരുദ്ധമായി ചെലവഴിച്ചത് അഭിലഷണീയമല്ല. ആയതിന്മേൽ വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഇപ്രകാരമുള്ള അപാകത ഒഴിവാക്കേണ്ടതുമാണ്.

എ) മേക്കണ്ണം -ഇടക്കണ്ണം പദ്ധതി- സെന്റേജ് ചാർജിനത്തിൽ പെരുപ്പിച്ച കണക്കുകൾ - വാട്ടർ അതോറിറ്റിയുടെ പക്കൽ അവശേഷിക്കുന്ന തുക കണക്കാക്കിയതിൽ വൻ പിശക്

മേക്കണ്ണം -ഇടക്കണ്ണം കുടിവെള്ള പദ്ധതിക്കായി ചെലവായ തുക സംബന്ധിച്ച് വാട്ടർ അതോറിറ്റി നൽകിയ കണക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | പ്രവൃത്തിയുടെ ഇനം | ചെലവ് |
|---|---|---|
| 1 | ജി.എൽ.ടാങ്ക്, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ എന്നിവയുടെ പണി | 1981902 |
| 2 | ജലവിതരണ ശൃംഖലയുടെ പണി | 1246858 |
| 3 | സി.എഫ് പമ്പ് സെറ്റ് സ്ഥാപിക്കൽ | 578678 |
| 4 | വൈദ്യുത കണക്ഷന് വേണ്ടി ചെലവായ തുക | 48250 |
| 5 | ജലവിതരണ ശൃംഖലയുടെ സ്ഥാപിക്കൽ | 780389 |
| ആകെ ചെലവ് | | 4636077 |
| സെന്റേജ് ചാർജ് | | 708157 |
| സെന്റേജ് ചാർജ് ഉൾപ്പെടെ ആകെ ചെലവ് | | 5344234 |

വാട്ടർ അതോറിറ്റി സെന്റേജ് ചാർജിനത്തിൽ നൽകിയതും, ബാക്കി നിൽക്കുന്നതും യഥാക്രമം 708157, 1025954 എന്നിങ്ങനെ രേഖപ്പെടുത്തിയത് തെറ്റാണ്. ക്രമ നംപർ 1,3 എന്നിവ പ്രകാരമുള്ള പമ്പ് ഹൗസ്, പമ്പ് സെറ്റ്, ജി.എൽ.ടാങ്ക്, പമ്പിംഗ് മെയിൻ എന്നിവ വാട്ടർ അതോറിറ്റിയുടെ ആസ്തികളായതിനാൽ ആ ഇനങ്ങൾക്ക് സെന്റേജ് ചാർജ് കണക്കാക്കിയത് ശരിയല്ല. സെന്റേജ് ചാർജ്, അവശേഷിക്കുന്ന ഫണ്ട് എന്നിവ കണക്കാക്കേണ്ടത് ചുവടെ പറയും പ്രകാരമാണ്.

| | |
|---|---|
| ക്രമ നംപർ 2,5 എന്നീ ഇനങ്ങളുടെ ചെലവ് : (ജലവിതരണ ശൃംഖല സ്ഥാപിക്കൽ) | 2027247 |
| 12.5 % സെന്റേജ് ചാർജ് | 253406 |
| പ്രവൃത്തിയുടെ ആകെ ചെലവ് 4636077<br>സെന്റേജ് ചാർജ് 253406 | 4889483 |
| വാട്ടർ അതോറിറ്റി ആകെ ഡെപ്പോസിറ്റ് ചെയ്ത തുക | 6370188 |
| വാട്ടർ അതോറിറ്റിയിൽ ചെലവാകാതെ അവശേഷിക്കുന്ന തുക | 1480705 |

സെന്റേജ് ചാർജ് കണക്കാക്കിയതിലെ പിശക് വാട്ടർ അതോറിറ്റിയെ ബോദ്ധ്യപ്പെടുത്തേണ്ടതും, അവശേഷിക്കുന്ന തുക 1480705 രൂപ തിരികെ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്ക് വരുത്തേണ്ടതുമാണ്.

## (3-2) വാട്ടർ അതോറിറ്റി മുഖേന വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ - പണികൾ പൂർത്തീകരിച്ചശേഷം അവശേഷിച്ച 32.5 ലക്ഷം രൂപ തിരികെ വാങ്ങിയില്ല

വാട്ടർ അതോറിറ്റി മുഖേന വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തതിൽ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ശേഷം ചെലവാകാതെ അവശേഷിച്ച 32.51 ലക്ഷം രൂപ തിരികെ വാങ്ങിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത വർഷം | ഡെപ്പോസിറ്റ് ചെയ്ത തുക | ആകെ പ്രവൃത്തിമൂല്യം | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പറക്കുളം | 2014-15 | 930000 | 675099 | 254901 |
| 2 | മേക്കണ്ണം-ഇടക്കണ്ണം | 2009-10 മുതൽ | 6370188 | 4889483 | 1480705<br>(മുൻഖണ്ഡിക |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി | 2015-16 വരെ | | | കാണുക) |
| 3 | വി.കെ.പാറ-ഓമല്ലൂർപ്പടി-കുറത്തിയാട്ട്പടി; മുള്ളൂർപ്പടി-കൊച്ചുമണ്ണിൽപ്പടി-വയലിൻകരോട്ട്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2015-16 | 720000 | 536802 | 183198 |
| 4 | കോന്നി താഴം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (എലിമുള്ളുംപ്ലാക്കൽ) | 2013-14 | 1227000 | 970865 | 256135 |
| 5 | കെ.കെ.പാറ – സോമരാജൻപടി-തകിടിപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2015-16 | 675000 | 541161 | 133839 |
| 6 | മണ്ണീറ വടക്കേക്കര കുടിവെള്ള പദ്ധതി | 2014-15 | 1550000 | 1517724 | 32276 |
| 7 | IHDP കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2012-13 | 511379 | 465324 | 46055 |
| 8 | പള്ളിപ്പടി-ഗുരുമന്ദിരം, ആശുപത്രിപ്പടി-പുതിയത്ത് പടി, മേടപ്പാറ വടക്കേക്കര പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2011-12 | 494301 | 430000 | 64301 |
| 9 | മൂർത്തിമൺ കുടിവെള്ള പദ്ധതി | 2013-14 | 800000 | - (പദ്ധതി ഉപേക്ഷിച്ചു.) | 800000 |
| ആകെ | | | | | 3251410 |

ചെലവാകാതെ വാട്ടർ അതോറിറ്റിയിൽ വർഷങ്ങളായി ബാക്കി നിൽക്കുന്ന 32.51 ലക്ഷം രൂപ തിരികെ വാങ്ങി സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിക്കാഞ്ഞത് ഗുരുതരമായ കൃത്യവിലോപമാണ്. കൃത്യമായ പരിശോധനകൾ ഇല്ലാതെ കുടിവെള്ള പദ്ധതിക്കും പൈപ്പ് ലൈൻ നീട്ടലിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് കൊണ്ടും, ചെയ്ത പ്രവൃത്തിയുടെ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക ക്രമീകരിക്കാത്തതുകൊണ്ടുമാണ് ലക്ഷങ്ങൾ ഇങ്ങനെ അധികം ഡെപ്പോസിറ്റ് ചെയ്യുന്ന അവസ്ഥ സംജാതമാകുന്നത്.

ചെലവാകാതെ വാട്ടർ അതോറിറ്റിയിൽ അവശേഷിച്ച 32.51 ലക്ഷം രൂപ തിരികെ വാങ്ങി സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് അടിയന്തിരമായി ഒടുക്ക് വരുത്തേണ്ടതാണ്. കൂടാതെ, മേൽസൂചിപ്പിച്ച പ്രവൃത്തികളുടെ ഫൈനൽ ബില്ലിന്റെ പകർപ്പ് വാങ്ങി ചെലവ് മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

## (3-3) തേക്കുതോട് കുടിവെള്ളപദ്ധതി തകരാറിൽ - ആവശ്യത്തിന് ശുദ്ധജലം

## ഉണ്ടായിട്ടും പര്യാപ്തമാംവിധം കുടിവെള്ളം എത്തിക്കാനാകുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പ്രധാന ആശ്രയവും വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതുമായ തേക്കുതോട് കുടിവെള്ള പദ്ധതിയുടെ തകരാറുകൾ പരിഹരിക്കുന്നതിന് നടപടിയില്ല. പദ്ധതിയുടെ കിണറിൽ ശുദ്ധജലം ആവശ്യത്തിനുണ്ടെങ്കിലും ജനങ്ങൾക്ക് കുടിവെള്ളം പര്യാപ്തമാംവണ്ണം എത്തിക്കാനാകുന്നില്ല.

തേക്കുതോടിൽ നിന്ന് ഏഴാന്തലക്ക് പോകുന്ന റോഡിൽ കല്ലാറ്റിലാണ് പദ്ധതിക്കായുള്ള കിണർ നിർമ്മിച്ചിട്ടുള്ളത്. അവിടെ നിന്ന് മൂർത്തിമൺ, പറക്കുളം, കരിമാൻതോട്, മേക്കണ്ണം എന്നീ ഭാഗങ്ങളിലായി ചെറിയ ടാങ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രധാന പമ്പ് ഹൗസിൽ നിലവിൽ 2 മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ട്. 40 HP മോട്ടോർ തണ്ണിത്തോട്ടിലേക്കും 25 HP മോട്ടോർ കരിമാൻതോട്ടിലേക്കും ആയാണ് സ്ഥാപിച്ചിട്ടുള്ളത്. മൂർത്തിമണ്ണിൽ സ്ഥാപിച്ചിട്ടുള്ള 15 HPയുടെ രണ്ട് മോട്ടോറുകളും പ്രവർത്തിക്കുന്നില്ല. തണ്ണിത്തോട്ടിലും കരിമാൻതോട്ടിലും Stand By ആയുള്ള മോട്ടോറുകളും പ്രവർത്തനരഹിതമാണ്. തേക്കുതോട് മേലേപറക്കുളം ബൂസ്റ്റർ പമ്പ് ഹൗസിലും Stand By മോട്ടോർ ഇല്ല. (20 HP യുടെ ഒരു മോട്ടോർ മാത്രമാണ് ഉള്ളത്. ആയത് തന്നെ തകരാർ ഉള്ളതുമാണ്.) കരിമാൻതോട്ടിലെ മോട്ടോറിൽ നിന്നും അധികമായി പൈപ്പ് ലൈൻ മൂർത്തിമണ്ണിലേക്ക് നൽകിയാണ് നിലവിൽ മൂർത്തിമൺ ഭാഗത്തേക്ക് വെള്ളം കൊടുക്കുന്നത്.

ശ്രീലങ്കമുരുപ്പ്, പൂച്ചക്കുളം, ഉമ്പാക്കുളം മേത്തട്ട് എന്നിവിടങ്ങളിൽ വെള്ളം ചെല്ലുന്നില്ല. പദ്ധതി ആരംഭിക്കുന്ന സമയത്ത് 100 ൽ താഴെ ഗുണഭോക്താക്കൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ ആയിരത്തോളം ഗുണഭോക്താക്കൾക്കായി ആകെ 80 കിലോമീറ്ററോളം പൈപ്പ് ലൈൻ എന്ന നിലയിലേക്ക് ഇത് മാറിക്കഴിഞ്ഞു. വെള്ളം കൂടുതൽ പമ്പ് ചെയ്യുന്നതിന് ഉതകുംവിധമുള്ള വ്യാസം നിലവിലെ പൈപ്പ് ലൈനിനില്ല . വെള്ളത്തിന്റെ പമ്പിംഗിന്റെ ശക്തി കൂടുന്നതനുസരിച്ച് പി.വി.സി പൈപ്പുകൾ മിക്ക ഭാഗങ്ങളിലും പൊട്ടുന്നതിനാൽ ജലം പാഴാകുന്നത് പതിവാണ്. 60 ശതമാനം പൈപ്പ് ലൈനും മാറ്റി സ്ഥാപിക്കേണ്ടതായുണ്ട്. മോട്ടോറുകളോട് അനുബന്ധമായുള്ള സ്റ്റാർട്ടറുകൾ മിക്കതും തകരാറിൽ ആണ്.

പദ്ധതിക്കായുള്ള കിണറ്റിൽ ആവശ്യത്തിന് ശുദ്ധജലം ഉണ്ടെങ്കിലും മേൽസൂചിപ്പിച്ച തകരാറുകൾ പരിഹരിക്കാൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കാത്തതിനാൽ ജനങ്ങൾക്ക് പര്യാപ്തമാംവിധം കുടിവെള്ളം എത്തിക്കാൻ കഴിയാത്ത സ്ഥിതി ആണുള്ളത്. പദ്ധതിയുടെ തകരാർ പരിഹരിക്കുന്നതിന് ചുവടെ പറയുന്ന പരിഹാരനടപടികൾ ആവശ്യമാണ്.

1. തണ്ണിത്തോട്ടിൽ 40 HP യുടെ Stand By മോട്ടോർ സ്ഥാപിക്കുക.

2. കരിമാൻതോട്ടിൽ 25 HP യുടെ Stand By മോട്ടോർ സ്ഥാപിക്കുക.

3. മൂർത്തിമണ്ണിൽ നിലവിൽ കേടായ 15 HP മോട്ടോറുകൾ മാറ്റി 20 HP യുള്ള രണ്ട് മോട്ടോറുകൾ സ്ഥാപിക്കുക..

4. പറക്കുളം ബൂസ്റ്റർ പമ്പ് ഹൗസിന് 20 HP യുടെ Stand By മോട്ടോർ സ്ഥാപിക്കുക.

5. വെള്ളം കൂടുതൽ പമ്പ് ചെയ്യുന്നതിന് ഉതകുംവിധം ആവശ്യമുള്ള ഇടങ്ങളിൽ കൂടുതൽ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കുക.

6. മോട്ടോറുകളോട് അനുബന്ധമായുള്ള സ്റ്റാർട്ടറുകളിൽ കേടായവ മാറ്റി സ്ഥാപിക്കുക.

വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ഉത്തരവാദിത്വത്തിൽ മേൽസൂചിപ്പിച്ച പ്രവൃത്തികൾ പൂർത്തിയാക്കി പൊതുടാപ്പുകളിലെ കുടിവെള്ള വിതരണം കുറ്റമറ്റതാക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## (3-4) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കുന്നെങ്കിലും കൈപ്പറ്റ് രസീത് ലഭിയ്ക്കുന്നില്ല

തൻവർഷം വിവിധ മരാമത്ത് പ്രവൃത്തികളുടെ മൂല്യത്തുകയിൽ നിന്നും നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കിയെങ്കിലും നാളിതുവരെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഒടുക്കിയ വർഷം | ക്ഷേമനിധി വിഹിതം ആയി അയച്ച ഡി.ഡി –കളുടെ എണ്ണം | അയച്ച ഡി.ഡി കൾ പ്രകാരമുള്ള ആകെത്തുക | കൈപ്പറ്റ് രസീതുകൾ ലഭ്യമാക്കിയത്. | |
|---|---|---|---|---|
| | | | എണ്ണം | തുക |

| | | | | |
|---|---|---|---|---|
| 2015-16 | 140 | 375585 | ഇല്ല | ഇല്ല |

വിവിധ മരാമത്ത് പ്രവൃത്തികളുടെ മൂല്യത്തുകയിൽ നിന്നും നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ആയി 1 % തുക ഈടാക്കിയത് പ്രകാരം 3.75ലക്ഷം രൂപ തൻവർഷം ബോർഡിലേക്ക് ഡി.ഡി ആയി ഒടുക്കിയെങ്കിലും ഇതിൽ ഒന്നിനും രസീത് ലഭിച്ചിട്ടില്ലയ രസീതുകൾ ലഭിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ കത്തുകൾ അയച്ചതിന് മറുപടിയൊന്നും ലഭിച്ചിട്ടുമില്ല. ഈ വിഷയത്തിന്മേൽ തുടർനടപടിക്കായി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഗ്രാമപ്പഞ്ചായത്ത് നടപടി സ്വീകരിക്കാഞ്ഞത് ഗുരുതരമായ വീഴ്ച ആയി വിലയിരുത്തുന്നു.

ഡിമാന്റ് ഡ്രാഫ്റ്റുകൾ ഭാവിയിൽ Account Payee ആയും രജിസ്റ്റേർഡ് തപാൽ മുഖേനയും അയച്ച് നൽകേണ്ടതാണ്. കൂടാതെ കൈപ്പറ്റ് രസീതുകൾ ലഭിക്കാഞ്ഞതിന്മേൽ തുടർ നടപടിക്കായി ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

## (3-5) കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല

കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് തൊഴിലുറപ്പ് പദ്ധതി പ്രകാരം 2015-16 ൽ പ്രവൃത്തികൾ ഏറ്റെടുത്തില്ല. 2016-17 ൽ ഈയിനത്തിൽ 26പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിക്കായുള്ള ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയെങ്കിലും നാളിതുവരെ ഇതിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കുകയോ പ്രവൃത്തികൾ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കിണർ റീചാർജിംഗ് വളരെ ഫലപ്രദമാണ് എന്നിരിക്കെ, ഇതിനായി പര്യാപ്തമാംവണ്ണം പ്രവൃത്തികൾ തൊഴിലുറപ്പ് / കാർഷിക പദ്ധതികൾ മുഖേന ഏറ്റെടുക്കാത്തത് ഗുരുതരമായ അനാസ്ഥയാണ്. കിണർ റീചാർജിംഗ് പ്രവൃത്തികൾ വ്യാപകമായി ഏറ്റെടുത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## (3-6) 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി - ചെലവ് നഷ്ടം

2015-16 ൽ ഗ്രാമ പഞ്ചായത്തിൽ Public Works(H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department, Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു.ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കൺവീനർമ്മാർക്ക് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തിട്ടുള്ളത്.CPWD,Analysis of rates-2014,Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rate എന്നത് 4753.29/- രൂപയാണ്.PWD,ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin /PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 40.95% ഉം 2015-16 മുതൽ 45.71 % ഉം ആണ്.ഇതു പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 1.4.2014 മുതൽ 6699.66/m3 ഉം 2015-16 മുതൽ 6926/m3 ഉം ആണ്. (4753.29x1.4095=6699.76 ; 4753.29x1.4571=6926 ). എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പകരം തറ നിരപ്പാക്കലിനു (Flooring,DSR Code:11.7) നൽകേണ്ട നിരക്കാണ് നൽകിയിരിക്കുന്നത്. അതായത് എം ക്യൂബിന് 7058.80 രൂപ നിരക്കിൽ ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയത് അംഗീകരിക്കാനാവില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

For 1:2:4 Concreting (DSR Code:4.1.3)

Details of cost for 1 cum

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 0295 | Stone aggregate (Single | Cum | 0.670 | 1175 | 787.25 |

| | | | | | |
|---|---|---|---|---|---|
| | size)-20mm nominal size | | | | |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| Labour | | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta,40.95% | | | | | 1946.47 |
| Total | | | | | 6699.76 |

For Flooring:(DSR Code:11.7)

Details of cost for one m3

| |
|---|
| Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing |

| complete | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 4.1.3 | Rate as per item 4.1.3 of DSR ,concrete work | M3 | 1 | 4753.29/m3 | 4753.29 |
| Labour:Extra labour for laying in floors etc | | | | | |
| 0124 | Mason(brick layer) 2nd class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| Sub Total | | | | | 5005.48 |
| Add 1% water charge except for 4.1.3 (252.19x1%) | | | | | 2.52 |
| Total | | | | | 5008 |
| Cost Index for Pathanamthitta,40.95% | | | | | 2050.78 |
| Total | | | | | 7058.78 |

ഇത്തരത്തിൽ അധിക നിരക്ക് നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറുടെയും സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയറുടെയും ഭാഗത്തു നിന്നുണ്ടായ പിഴവാണ്.

ഇപ്രകാരം അധിക നിരക്ക് നൽകിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നംപർ/ പ്രവൃത്തിയുടെ പേര്/ അടങ്കൽ | കൺവീനറുടെ പേരും വിലാസവും | പ്രവൃത്തി മൂല്യം/DD നം, തീയതി | 1:2:4 കോൺക്രീറ്റിന്റെ അളവ്, നൽകിയ തുക. (7058.78) | 1:2:4 കോൺക്രീറ്റിനു നൽകേണ്ട തുക. (@6699.76) | നഷ്ടം |
|---|---|---|---|---|---|---|
| 1 | ആവോലിക്കുഴി റോഡ് - പുത്തൻവിളയിൽപ്പടി റോഡ് SO132/16 495000 | പ്രദീപ് നിരവേൽ, എലിമുള്ളുംപ്ലാക്കൽ | 465546 568319 / 2-2-16 | 31.95 എം3 225528 | 214057 | 11471 |
| 2 | ആവോലിക്കുഴി റോഡ് - കാവനാൽ റോഡ് SO133/16 200000 | അനു രഘു, ആഞ്ഞിലിമൂറിയിൽ, എലിമുള്ളുംപ്ലാക്കൽ | 188031 568456/ 3-2-16 | 12.83 എം3 90564 | 85958 | 4606 |
| 3 | പടിഞ്ഞാറേക്കോട്ടുമുറ റോഡ് - പൊരുനെല്ലിൽപ്പടി റോഡ് SO135/16 400000 | ഷാജി കാവനാൽ, ശങ്കരത്തിൽ, എലിമുള്ളുംപ്ലാക്കൽ | 376291 567709/ 10-12-15 | 25.88 എം3 182681 | 173390 | 9291 |

| | | | | | | |
|---|---|---|---|---|---|---|
| 4 | മേലേപ്പൂച്ചക്കുളം പുഷ്പമംഗലംപടി റോഡ് SO151/16 227000 | നിധിൻ.പി.ഗിരീഷ്, പുഷ്പമംഗലത്ത്, തേക്കുതോട് | 213327 566454/ 12-10-15 | 14.4 എം3 101646 | 96476 | 5170 |
| 5 | രാജീവ് ഭവനം പടി റോഡ് SO159/16 350000 | ജെയിംസ്.കെ.ജെ, കിഴക്കേപ്പറമ്പിൽ, തണ്ണിത്തോട് | 328778 565864/ 24-8-15 | 22.5 എം3 158823 | 150744.6 | 8078 |
| 6 | കരിമാൻതോട്-ശ്രീലങ്കറോഡ്-പ്ലാവേലിൽപ്പടി -ചെറികോയിക്കൽപ്പടി റോഡ് 400000 | ഷാജി, പ്ലാവേലിൽ, തേക്കുതോട് | 376746 566442/ 18-12-15 | 25.52 എം3 180140.5 | 170978 | 9162 |
| 7 | പടിപ്പുരേത്ത് പടി-മംഗലപ്പള്ളിപ്പടി റോഡ് SO147/16 150000 | പ്രസാദ്, ഓലിപ്പാറയിൽ | 141082 568541/ 12-2-16 | 10.67 എം3 75317 | 71486 | 3831 |
| 8 | വാഴപ്ലാവിൽപ്പടി റോഡ് SO96/16 300000 | മേരി ജോസ്, പൂവണ്ണംമൂട്ടിൽ, തേക്കുതോട് | 282143 568535/ 12-2-16 | 19.13 എം3 135034.8 | 128166.4 | 6868 |
| 9 | കേശവസദനം ബഥാൻ റോഡ് SO101/16 300000 | സനീഷ് കുമാർ, മണത്തറയിൽ | 282603 568363/ 2-2-16 | 19.774 എം3 139580.7 | 132481 | 7100 |
| 10 | തുമ്പാക്കുളംപടി കുമ്പുക്കാട്ട് പടി റോഡ് SO114/16 400000 | ജോൺ.ജെ, പുത്തൻപറമ്പിൽ, തേക്കുതോട് | 375986 568296 / 1-2-16 | 25.65 എം3 181058 | 171849 | 9209 |
| 11 | കരിമാൻതോട്-മുരുപ്പേൽപ്പടി കുന്നപുറംപടി റോഡ് SO113/16 300000 | രാജീവ്, പാറയിൽ, തേക്കുതോട് | 282702 568298 / 10-2-16 | 19.35 എം3 136587 | 129640 | 6947 |
| 12 | കരിമാൻതോട്-കന്നടിപ്പടി ആനക്കല്ലിങ്കൽപടി റോഡ് SO111/16 300000 | മോഹൻ.പി.എൻ, ചുണ്ടൻവീട് | 282471 568542 / 12-2-16 | 19.35 എം3 136587 | 129640 | 6947 |
| 13 | മേക്കണ്ണം-പറങ്കാംമൂട്ടിൽപ്പടി മുളമൂട്ടിൽപ്പടി റോഡ് SO145/16 | ഷാജി, ഒറ്റപ്ലാമൂട്ടിൽ, തണ്ണിത്തോട് | 187237 568364/ 2-2-16 | 12.667 എം3 89413.5 | 84865.8 | 4548 |

| | | | | | | |
|---|---|---|---|---|---|---|
| | 200000 | | | | | |
| 14 | പൂച്ചക്കുളം-ദീപാസദനംപടി പുളിമുക്ക് റോഡ് SO107/16 200000 | പ്രസാദ്, തനനല്ലൂർ, കരിമാൻതോട് | 188115<br>568457 / 3-2-16 | 12.83 എം3<br>90564 | 85958 | 4606 |
| 15 | തേക്കുവിളപ്പടി-പുത്തൻവീട്ടിൽപ്പടി റോഡ് SO144/16 200000 | തങ്കച്ചൻ, പുത്തൻവീട്, തണ്ണിത്തോട് | 188309<br>568877/ 2-3-16 | 12.67 എം3<br>89434 | 84886 | 4548 |
| 16 | ഏഴാന്തല-പുഴിഞ്ചാൽ കോളനി റോഡ്<br>SO152/16 400000 | രാജൻ, അമ്പഴത്തുമൂട്ടിൽ, തേക്കുതോട് | 377161<br>ബിൽ നംപർ 99/23-2-16 | 26.26 എം3<br>185363.5 | 175935.7 | 9428 |
| 17 | തേക്കുതോട്-ജവഹർ റോഡ്-അറപ്പുഴക്കൽപ്പടി സിവ്യൂപ്പടി റോഡ്<br>SO119/16 400000 | സ്കറിയാ കോശി, അറപ്പുരയിൽ, തേക്കുതോട് | 376121<br>568871/ 2-3-16 | 25.79 എം3<br>182082 | 172787 | 9295 |
| 18 | പടിപ്പുരേത്ത്പടി - മണ്ണൂർപ്പടി റോഡ്<br>SO120/16 200000 | മണി, ഒറ്റപ്ലാവുങ്കൽ, തേക്കുതോട് | 188136<br>568875/ 2-3-16 | 12.83 എം3<br>90564 | 85958 | 4606 |
| 19 | മണ്ണൂർപ്പടി-ചന്ദ്രാലയംപടി റോഡ്<br>SO150/16 160000 | മോൻസി, മാങ്കുഴിയിൽ,തേക്കുതോട് | 146284<br>568881/ 2-3-16 | 10.045 എം3<br>70891 | 67299 | 3592 |
| 20 | ഇടമുരുപ്പ്-ഓലിക്കൽപ്പടി നാലൊന്ന്മുറി റോഡ്<br>SO130/16 150000 | ജോർജ്കുട്ടി. ഒറ്റപ്ലാവിൽ, തണ്ണിത്തോട് | 140658<br>ബിൽ നംപർ 94/23-2-16 | 9.45 എം3<br>66705.4 | 63312.7 | 3393 |
| 21 | മുക്കാഞ്ഞിരത്ത് പടി റോഡ്<br>SO99/16 200000 | അഖിൽ, മുക്കാഞ്ഞിരത്ത, തണ്ണിത്തോട് | 185761<br>568883/ 2-3-16 | 12.699 എം3<br>89639.4 | 85080.2 | 4559 |
| 22 | മഹാദേവർക്ഷേത്രം അഞ്ചുകുഴി റോഡ്<br>SO154/16 300000 | ബൈജു.പി.കെ, പ്ലാവിള വടക്കേതിൽ, തണ്ണിത്തോട്. | 282769<br>ബിൽ നംപർ 87/18-2-16 | 19.35 എം3<br>136587 | 129640 | 6947 |
| 23 | കയ്യാലേത്ത് പടി റോഡ് SO199/16 300000 | രാമചന്ദ്രൻ, കളീക്കമുരുപ്പേൽ | 282784<br>609993/ 6-4-16 | 19.35 എം3<br>136587 | 129640 | 6947 |
| 24 | കരിമാൻതോട്-അറക്കൽപ്പടി റോഡ്<br>SO112/16 400000 | ഗീതാമോഹൻ, പുത്തൻവീട്ടിൽ | 377287<br>609984/ 6-4-16 | 25.88 എം3<br>182681 | 173390 | 9291 |
| 25 | അള്ളുങ്കൽ-ഉണ്ടിയത്ത് | രതീഷ്, ആനന്ദവല്ലീശ്വരം, | 282889 | 19.35 എം3 | 129640 | 6947 |

| | | | | | | |
|---|---|---|---|---|---|---|
| | പടി റോഡ്<br>SO125/16 300000 | തണ്ണിത്തോട് | 569789/<br>29-3-16 | 136587 | | |
| 26 | മൂർത്തിമൺ അമ്പലജംഗ്ഷൻ-കുഴിവിളപ്പടി റോഡ്<br>SO115/16 300000 | തമ്പി, കരിങ്കുറ്റിയിൽ താഴേതിൽ, തേക്കുതോട് | 282968<br>ബിൽ നംപർ 104/21-3-16 | 19.8 എം3<br>139764 | 132655 | 7109 |
| 27 | ളുമ്പാക്കുളം-പുളിമുക്ക് പൂച്ചക്കുളം റോഡ്<br>SO105/16 300000 | വിജയൻ, തേക്കുമലപുത്തൻ വീട്, തേക്കുതോട് | 282297<br>569742/<br>28-3-16 | 19.35 എം3<br>136587 | 129640 | 6947 |
| 28 | ളുമ്പാക്കുളം-ആല്വവാങ്കടി-കാട്ടുമുറി റോഡ്<br>SO102/16 200000 | ഉഷാ ശശി, വാഴപ്ലാവിൽ, തേക്കുതോട് | 188644<br>ബിൽ നംപർ 105/21-3-16 | 13.2 എം3<br>93176 | 88437 | 4739 |
| 29 | മഹാദേവർ ക്ഷേത്രം-ശങ്കരമംഗലം പടി റോഡ്<br>SO97/16 400000 | സദാനന്ദൻ, മൺപിലാവിൽ, തണ്ണിത്തോട് | 376966<br>669699/<br>8-4-16 | 25.88 എം3<br>182681 | 173390 | 9291 |
| 30 | മണ്ണീറ വടക്കേക്കര-അംഗനവാടിപ്പടി-പാലംപടി റോഡ്<br>SO173/16 400000 | ജോസഫ് അലക്സാണ്ടർ, അത്തിനിൽക്കുന്നതിൽ, മണ്ണീറ. | 376686<br>566344/<br>1-10-15 | 26.1 എം3<br>184234 | 174864 | 9370 |
| 31 | തലമാനംക്ഷേത്രം-അമ്പാട്ടയത്തിൽപ്പടി റോഡ്<br>SO128/16 200000 | മണി, കാട്ടൂർ പുതുവേലിൽ, മണ്ണീറ | 187908<br>566338/<br>1-10-15 | 12.83 എം3<br>90564 | 85958 | 4606 |
| 32 | തണ്ണിത്തോട് സെൻട്രൽ ജംഗ്ഷൻ-ബഥേൽപള്ളിപ്പടി റോഡ്<br>SO138/16 400000 | സൂസമ്മ വർഗ്ഗീസ്, പുതുപ്പറമ്പിൽ,തണ്ണിത്തോട് | 376625<br>609696/<br>8-4-16 | 25.88 എം3<br>182681 | 173390 | 9291 |
| 33 | സെൻട്രൽ ജംഗ്ഷൻ - എവർഷൈൻ പടി മേക്കണ്ണം റോഡ്<br>SO142/16 400000 | ജെയിംസ് കരിങ്കണ്ടത്തിൽ<br>തണ്ണിത്തോട് | 376488<br>609698/<br>8-4-16 | 25.65 എം3<br>181057.7 | 171836 | 9222 |
| 34 | ഇടക്കണ്ണം-മീൻമുട്ടിൽപ്പടി റോഡ്<br>SO204/16 300000 | റെജി, ചുങ്കത്തിൽ, തണ്ണിത്തോട് | 281320<br>566297/<br>30-9-15 | 18.9 എം3<br>133411 | 126625 | 6786 |
| 35 | ശ്രീലങ്ക അനീഷ്ഭവനം പടി- പ്ലാവേലിപ്പടി റോഡ്<br>SO146/16 300000 | രതീഷ്, വയലിങ്കൽ, കരിമാൻതോട് | 281493<br>ബിൽ നംപർ 28/21-9-15 | 19.13 എം3<br>135035 | 128166 | 6869 |

| | |
|---|---|
| ആകെ | 241617 |

അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടമായ തുക 241617/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും സാങ്കേതികാനുമതി നൽകിയ കോന്നി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും പക്കൽ നിന്ന് ഈടാക്കി നിയമാനുസൃതം തിരികെ ഒടുക്കേണ്ടതാണ്. 241617/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## (3-7) ഗുണഭോക്തൃസമിതികൾ - പ്രവൃത്തി നിർവ്വഹണം സുതാര്യമല്ല - ടെണ്ടർ നടപടി സ്വീകരിക്കുന്നില്ല.

ഗുണഭോക്തൃസമിതികൾ മുഖേന തൻവർഷം നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണം സുതാര്യമായിരുന്നില്ല. പ്രവൃത്തികളുടെ പണമിടപാടുകൾക്കായുള്ള അക്കൗണ്ട് പാസ്സ്ബുക്ക് നിർവ്വഹണത്തിന് ശേഷം തിരികെ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.

പൊതുമരാമത്ത് ചട്ടങ്ങളിലെ 13-ാം വകുപ്പിൽ ഗുണഭോക്തൃ സമിതി രൂപീകരണം, സമിതിയുടെ പ്രവർത്തനം, സമിതികൾ സൂക്ഷിക്കേണ്ടുന്ന രേഖകൾ എന്നിവയെപ്പറ്റി നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പുറപ്പെടുവിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിലും ഇക്കാര്യങ്ങൾ വിശദമായി പ്രതിപാദിക്കുന്നു. ഇതനുസരിച്ച്, പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടെയും പേരിൽ സംയുക്തമായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ കൂടി മാത്രമേ നടത്താൻ പാടുള്ളൂ. പ്രവൃത്തിക്കാവശ്യമായ പണം കൺവീനറും ചെയർമാനും കൂടി ഒപ്പിട്ട ചെക്കുകൾ വഴിയാണ് പിൻവലിക്കേണ്ടത്. എന്നാൽ തൻവർഷം പ്രവൃത്തിയുടെ പ്രതിഫലത്തുക കൺവീനറുടെ പേരിൽ മാത്രം ഡി.ഡി ആയി ഒട്ടേറെ പ്രവൃത്തികൾക്ക് തുക നൽകിയിട്ടുണ്ട്. ഭൂരിഭാഗം പ്രവൃത്തികളുടെയും അക്കൗണ്ട് പാസ്സ്ബുക്ക് വാങ്ങി പണമിടപാടുകളുടെ സുതാര്യത പരിശോധിക്കുകയോ, പകർപ്പ് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല, മേൽനിർദ്ദേശത്തിന് വിരുദ്ധമായി, പ്രതിഫലത്തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് തൊട്ടടുത്ത ദിവസം തന്നെ പൂർണ്ണമായും പിൻവലിക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത് എന്ന് രേഖകൾ സൂചിപ്പിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവൃത്തിയുടെ പേര്, അടങ്കൽ | ഗുണഭോക്തൃ സമിതി ചെയർമാൻ | കൺവീനർ | പ്രവൃത്തി മൂല്യം | ഡി.ഡി. നംപർ, തീയതി |
|---|---|---|---|---|---|
| 1 | മേലെ പൂച്ചക്കുളം മനുഭവൻ പടി റോഡ് എസ് ഒ 103/16<br>350000 | വർഗ്ഗീസ് കൊടിയിട്ടതിൽ | ഗിരി പുഷ്പ മംഗലത്ത് | 328913 | 40/15-16<br>21-09-2015 |
| 2 | മുള്ളൂർപടി കൊച്ചുമണ്ണിൽ പടിറോഡ് എസ് ഒ 63/16<br>600000 | തോമസ് കുട്ടി<br>കാവടയിൽ | ജാൻസി വർഗ്ഗീസ്<br>കൊച്ചുമണ്ണിൽ | 537091 | 564934<br>03-06-2015 |
| 3 | മേക്കണ്ണം വെള്ളച്ചിറ വയലിൽ പടി റോഡ് 34/16,200000 | വിനോദ് വടക്കേക്കര | സോമരാജൻ<br>വെള്ളച്ചിറ വയലിൽ | 188616 | 564882<br>29-05-15 |
| 4 | ചാവരുപടി മോട്ടപ്പുറത്ത് | മണിരാജൻ | മഹേന്ദ്രൻ | 92603 | 566401<br>12-10-15 |

| | | | | | |
|---|---|---|---|---|---|
| | ഡി ആർ പുളിമൂട്ടിൽ പടി സ്റ്റെപ്പ് | | | | |

ഗുണഭോക്തൃസമിതികളുടെ ചെലവ് കണക്കുകൾ, വൗച്ചറുകൾ, മസ്റ്റർ റോൾ, അക്കൗണ്ടിൽ നിന്നുമുള്ള പണമിടപാട് എന്നിവയിൽ നിന്നും നിർവ്വഹണ രീതി സുതാര്യമല്ല എന്ന് വ്യക്തമാണ്. തൻവർഷം 5 പ്രവൃത്തികളൊഴികെ മറ്റെല്ലാം ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പാക്കിയത്. മേൽസൂചിപ്പിച്ച അപാകങ്ങളുടെ വെളിച്ചത്തിലും ടെണ്ടർ സമ്പ്രദായം സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വിമുഖത കാട്ടുന്നത് അഭിലഷണീയമല്ല. ടെണ്ടർ സമ്പ്രദായം പൂർണ്ണമായും സ്വീകരിച്ച് പ്രവൃത്തി നിർവ്വഹണം സുതാര്യമാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

## (3-8) മരാമത്ത് പ്രവൃത്തികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ചെലവു രേഖകൾ (ബന്ധപ്പെട്ട ഫയൽ, വർക്ക് ബിൽ, എം.ബുക്ക്) ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് 28.12.2016-ൽ 8- ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ബന്ധപ്പെട്ട ഫയലുകൾ പത്തനംതിട്ട വിജിലൻസ് ഓഫീസിന് കൈമാറിയതായി വിശദീകരിക്കപ്പെട്ടു.

| | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ/ അടങ്കൽ | കൺവീനർ | ചെലവ് | ബിൽ നമ്പർ / തീയതി |
|---|---|---|---|---|
| 1 | സെൻട്രൽ ജംഗ്ഷൻ - സ്റ്റേഡിയം ജംഗ്ഷൻ - ഐറിഷ് കോൺക്രീറ്റ്<br>44/16, 700000/- | രതീഷ് കുമാർ | 697597 | 19/15-16/25.7.2015 |
| 2 | സെൻട്രൽ ജംഗ്ഷൻ - കുത്താടിമൺ റോഡിൽ പൊൻപുഴപ്പടി മുതൽ ഐറിഷ് കോൺക്രീറ്റ് | ദയാലൻ | 400000 | 44/15-16 /29.9.2015 |

ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 1097597 രൂപയ്ക്ക് തടസ്സവാദമുന്നയിക്കുന്നു. വിജിലൻസ് അന്വേഷണഫലം അറിയിക്കേണ്ടതും ചെലന് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## (3-9) ആട്ടുഗ്രാമം പദ്ധതി

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ആട് ഗ്രാമം എന്ന പ്രോജക്ട് (so 182/16) നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സി.ഡി.എസി ന്റെ കീഴിലുള്ള 55 കുടുംബശ്രീ അംഗങ്ങളെ തെരെഞ്ഞെടുത്ത് ആട്ടുവളർത്തലിൽ പരിശീലനം നല്കുകയും 11 ഗ്രൂപ്പുകളാക്കി വായ്പാ ബന്ധിതമായി പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിച്ചിരുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് 360000രൂപ, 550000/- സംസ്ഥാനാവിഷ്കൃത ഗ്രാൻറ് (നേരിട്ട് ചെലവഴിക്കുന്നത്) 880000/- മറ്റുള്ളവ എന്നിങ്ങനെ 1540000/- രൂപ അടങ്കൽ നിശ്ചയിച്ചാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 5 ആടുകളുള്ള ഒരു ഗ്രൂപ്പിന് 10000/- രൂപ പഞ്ചായത്ത് സബ്സിഡി 7500/- രൂപ ഗുണഭോക്തൃവിഹിതം 270000, ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ 1890000+720000, കുടുംബശ്രീ ജില്ലാമിഷൻ വിഹിതം 50000/- രൂപ, 82500/- രൂപ ബാങ്ക് വായ്പ എന്നിങ്ങനെയാണ് ഫണ്ട് നിശ്ചയിച്ചിട്ടുള്ളത്.

സി.ഡി.എസ് തെരെഞ്ഞെടുത്ത ഐശ്വര്യ, ലക്ഷ്മി, മലർവാടി, ഹരിശ്രീ, സമ്പത്ത്, ശ്രീലക്ഷ്മി എന്നീ ഗ്രൂപ്പുകൾക്ക് ഫെഡറൽ ബാങ്കും അഭയ, ദയ, നന്മ, പൂർണ്ണശ്രീ, സൗഭാഗ്യ എന്നീ ഗ്രൂപ്പുകൾക്ക് സർവ്വീസ് കോപ്പറേറ്റീവ് ബാങ്കും 142500 ലക്ഷം രൂപ വീതം വായ്പ നൽകിയിട്ടുണ്ട്. ബാക്ക് എൻഡ് സബ്സിഡിയായി ഗ്രാമപഞ്ചായത്ത് വിഹിതമായി 110000 രൂപ നല്കിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. ഗ്രൂപ്പംഗങ്ങൾ വാങ്ങിയ ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. ഫെഡറൽ ബാങ്കിൽ നിന്നും വായ്പ എടുത്ത ഗ്രൂപ്പുകളുടെ അക്കൗണ്ടിൽ ബാക്ക് എൻഡ് സബ്സിഡി തുക നാളിതുവരെ ബാങ്ക് ക്രഡിറ്റ് ചെയ്തിട്ടില്ല. ബാക്ക് എൻഡ് സബ്സിഡി തുക യഥാക്രമം അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാത്തതുമൂലം

ഗ്രൂപ്പംഗങ്ങൾക്ക് പലിശയിനത്തിൽ കൂടുതൽ തുക അടവാക്കേണ്ട അവസ്ഥയാണുള്ളത്. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

3. ഗ്രൂപ്പുകൾ പ്രവർത്തന ലാഭം അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതായി കാണുന്നില്ല. സ്വയംതൊഴിൽ സംരംഭങ്ങളിൽ ലാഭ വിഹിതം അക്കൗണ്ടിൽ നിക്ഷേപിച്ച് തുടർ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടിയിരുന്നു.എന്നാൽ അപ്രകാരം ചെയ്യുകയോ ഗ്രൂപ്പ് സംരംഭമായി തുടർ പ്രവർത്തനം നടത്തുകയോ ചെയ്യാത്തതിനാൽ പദ്ധതി ഉദ്ദേശ ലക്ഷ്യം കൈവരിച്ചിട്ടില്ല.

4. ജില്ലാമിഷനിൽ നിന്നും തുക ലഭിക്കാത്തതിനാൽ കുടുംബശ്രീ സബ്സിഡി 2015-16-ൽ ഗ്രൂപ്പുകൾക്ക് ക്രഡിറ്റ് ചെയ്തിട്ടുമില്ല. 2016-17 ലാണ് കുടുംബശ്രീ ജില്ലാമിഷനിൽ നിന്നുള്ള വിഹിതം സി.ഡി.എസിന് ലഭിച്ചിട്ടുള്ളത്. ആയത് ഓഡിറ്റ് കാലയളവ് വരെ ഗ്രൂപ്പുകളുടെ അക്കൗണ്ടിൽ വരവ് വെച്ചിട്ടില്ല. മേൽ കാരണങ്ങളാൽ പദ്ധതി ലക്ഷ്യത്തിലെത്തിയിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## (3-10) <u>ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല</u>

പഞ്ചായത്തിന്റെ കീഴിലുള്ള 24 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽവീതം ഫുഡ് ടെസ്റ്റ് ലാബിൽ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18-02-2016 ഐ.സി.ഡി.എസ്.ബി3-312/2010 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളിലേക്ക് നൽകി വന്നിട്ടുള്ള അമൃതം ഫുഡ് ന്യൂട്രിമിക്സ് സാമ്പിളുകൾ ഇത്തരം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയതായി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർക്കുലറിൽ നിർദ്ദേശിച്ചതു പോലെതന്നെ ഓരോ രണ്ടു മാസത്തിലൊരിക്കൽ വീതം ഭക്ഷണ പരിശോധന നടത്തേണ്ടതും പരിശോധനയ്ക്ക് വിധേയമാക്കുന്ന സാമ്പിളുകൾ തൃപ്തികരമായ ഗുണനിലവാരം പുലർത്തുന്നില്ലെന്ന് ലാബ് റിപ്പോർട്ടിൽ തെളിയുന്നപക്ഷം പ്രസ്തുത ബാച്ചിൽപ്പെട്ട ഭക്ഷ്യ മിശ്രിതത്തിന്റെ വില അത് വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റിന് നൽകേണ്ടതില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

<u>അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം</u>

പഞ്ചായത്ത് പരിധിയിൽ 24 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 18 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. 6 എണ്ണം വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 12 എണ്ണത്തിന് ചുറ്റുമതിൽ ഇല്ല വൈദ്യുതി ഉള്ളത് 2 എണ്ണത്തിന് മാത്രമാണ്. ഒരു അങ്കണവാടി നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടും കെട്ടിടം ഇതേവരെ നിർമ്മിച്ചിട്ടില്ല. ഗ്യാസ് കണക്ഷൻ 24 അങ്കണവാടികൾക്കും ലഭ്യമാണ്. കിണർ ഒരു അങ്കണവാടിക്കു മാത്രമേ ഉള്ളൂ. അടുത്ത വീടുകളിൽ പോയി വെള്ളം എടുക്കുകയാണ് ചെയ്യുന്നത്. എല്ലായിടത്തും ഫർണിച്ചർ അപര്യാപ്തമാണ്. വാടകയ്ക്കു പ്രവർത്തിക്കുന്ന അംഗൻവാടിക്ക് കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

## (3-11) <u>വെള്ളക്കരം ഇനത്തിൽ ഭീമമായ ചെലവ്- പരിഹാര നടപടി സ്വീകരിക്കുന്നില്ല.</u>

വെള്ളക്കരം ഒടുക്കുന്നതിന് 2015-16ൽ റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തി 1140912/- രൂപ കേരള വാട്ടർഅതോറിറ്റിക്ക് നൽകിയിട്ടുണ്ട്. വെള്ളക്കരം ഇനത്തിൽ തൻവർഷം മുതൽ മാത്രമാണ് ഒടുക്കി വരുത്തിയിട്ടുള്ളത്. ടി തുക പിന്നീട് റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് ക്രമീകരിക്കുകയാണ്.

വെള്ളക്കരം ഇനത്തിൽ അശാസ്ത്രീയവും അന്യായവുമായി കണ്ടുകെട്ടിയിട്ടുള്ള പലിശ ക്രമീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെയും വാട്ടർ അതോറിറ്റിയുടേയും സംയുക്ത സമിതി മുൻപാകെ പരാതി നൽകാൻ പഞ്ചായത്ത് ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിച്ചിട്ടില്ല. നിലവിൽ പ്രവർത്തിക്കുന്ന വാട്ടർ ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ കൃത്യമായി കണക്കാക്കിയിട്ടില്ല. ഗാർഹിക കുടിവെള്ള കണക്ഷനുകൾക്ക് പ്രോജക്ടുകൾ രൂപീകരിക്കുന്നുമില്ല. പരിഹാര നടപടികൾ സ്വീകരിക്കാത്തതിനാൽ വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനം ഗണ്യമായി നഷ്ടമാകുന്ന സ്ഥിതിയാണുള്ളത്. ആയത് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിൽ താമസംവിനാ ഉചിതമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## (3-12) <u>വൈദ്യുതി ചാർജ്ജ്-മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നില്ല</u>

പഞ്ചായത്തിന് തെരുവ് വിളക്കുകളുടെ ചാർജ്ജായി 75847/- രൂപ പ്രതിമാസം 2015-16ൽ ചെലവഴിച്ചിട്ടുണ്ട്. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താത്തത് മൂലം പ്രവർത്തിക്കാത്ത തെരുവ് വിളക്കുകൾക്ക് ഉൾപ്പെടെയുള്ള വൈദ്യുതി ചാർജ്ജ് നൽകേണ്ടി വരുന്നു. തനത് വരുമാനം കുറവായ പഞ്ചായത്തിനു ഇതു മൂലം വരുമാന ചോർച്ച സംഭവിച്ചിട്ടുണ്ട്. നിലവിലും തൽ സ്ഥിതിയിൽ വ്യത്യാസമില്ല. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ത്വരിത ഗതിയിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (3-13) എബിസി പ്രോഗ്രാം-തുകയുടെ വിനിയോഗ രേഖകൾ ഇല്ല

പ്രോജക്ട് നം-എസ് ഒ 238/16

പ്രോജക്ടിന്റെ പേര്-എബിസി പ്രോഗ്രാം

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ബിൽ നം- 58 /15-16തീയതി- 18.03.2016 തുക- 70000/-

തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതുമായി ബന്ധപ്പെട്ട് ഷെൽറ്റർ, കെന്നൽ എന്നിവ നിർമ്മിക്കുന്ന പദ്ധതിക്ക് 70000/- രൂപ വികസന ഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിന് വിഹിതമായി നൽകിയിട്ടുണ്ട്. ടി തുകയ്ക്ക് കൈപ്പറ്റ് രേഖകളോ ഷെൽറ്റർ, കെന്നൽ എന്നിവ നിർമ്മിക്കുന്നതിന് തുക വിനിയോഗിച്ചതിന്റെ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല. വിനിയോഗ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് 70,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-14) പഞ്ചായത്തിന്റെ വിവരങ്ങൾ ഡോക്യുമെന്റേഷൻ ചെയ്തിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് :- മീഡിയാ ശ്രീ

പ്രോജക്ട് നം-എസ് 88/16

അടങ്കൽ-65000/-

ചെലവ്:-65000/-

ബിൽ നം/തീയതി:-11/15-16/ 29-7-2015

കുടുംബശ്രീ സംസ്ഥാന മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ ചരിത്രവും വർത്തമാനങ്ങളും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്റേഷൻ ചെയ്യുന്നതിന് 65000/- രൂപ ജില്ലാ കുടുംബശ്രീ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയ്ക്കുള്ള കൈപ്പറ്റ് രസീതോ ഡോക്യുമെന്റേഷൻ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. നാളിതുവരെ വിവരങ്ങൾ ഡോക്യുമെന്റേഷൻ ചെയ്തത് ജില്ലാ കുടുംബശ്രീ മിഷന് നൽകിയിട്ടില്ലെന്നും കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ 65000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## (3-15) ആശ്രയ പദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്തിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ. ആശ്രയ പദ്ധതിയുടെ 2015-16-ലെ വരവ് ചെലവ് കണക്കുകൾ താഴെ പറയും പ്രകാരമാണ്.

| | ചലഞ്ച് ഫണ്ട് | പ്ളാൻ ഫണ്ട് |
|---|---|---|
| മുന്നിരിപ്പ് | 223913 | 408538 |
| വരവ് | 0 | 1000000 |
| ആകെ | 223913 | 1408538 |
| ചെലവ് | 207380 | 100000 |
| നീക്കിയിരിപ്പ് | 16533 | 1308538 |

31.03.16-ൽ ആശ്രയ ബാങ്ക് അക്കൗണ്ടിൽ 1308538 രൂപ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു.

2015-16 വർഷം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനും കക്കൂസ് നിർമ്മാണത്തിനും കുടിവെള്ളക്കിണർ നിർമ്മാണത്തിനും തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. ഭക്ഷണ കിറ്റ് വിതരണം ചെയ്യുന്നതിനായി 191337/- രൂപയും, വിദ്യാഭ്യാസത്തിനായി 16043/-രൂപയും, വസ്ത്ര വാങ്ങലിനായി 100000 രൂപയും, ഉൾപ്പെടെ ആകെ 307380/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആശ്രയ ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്കും മുൻഗണന നൽകുന്നില്ല. ആശ്രയ രോഗികൾക്ക് ഹെൽത്ത് കാർഡ് നൽകിയിട്ടില്ല. രോഗികൾക്കുള്ള സ്ഥിരമരുന്നുകൾ സർക്കാർ ആശുപത്രികളിൽനിന്നോ ലഭ്യമാക്കുവാൻ മെഡിക്കൽ ഓഫീസർ നടപടി സ്വീകരിച്ചിട്ടില്ല. അഗതികൾക്കായി മെഡിക്കൽ ക്യാമ്പ് നടത്തുന്നില്ല. അഗതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താൻ പദ്ധതിത്തുക വകയിരുത്തിയിട്ടില്ല. അഗതി കുടുംബങ്ങളെ സ്വയം പര്യാപ്തതയിലേക്ക നയിക്കുന്ന സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുന്നില്ല. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം നൽകുന്നതിന് സഹായകമായ പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്നില്ല.

പദ്ധതിയുടെ മോണിട്ടറിംഗ് കാര്യക്ഷമമല്ല. വിലയിരുത്തൽ സമിതിയിൽനിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ ഉപസമിതി രൂപീകരിക്കുകയും സമിതിയുടെ റിപ്പോർട്ട് രണ്ടുമാസത്തിലൊരിക്കൽ പഞ്ചായത്ത് സമിതി വിലയിരുത്തി വിശദ റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക നൽകുകയും ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇപ്രകാരം ചെയ്യുന്നില്ല.

ആശ്രയ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൽ പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## (3-16) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2005-ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2008-09 സാമ്പത്തിക വർഷം മുതൽ പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2015-16 വർഷത്തെ പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 177 പ്രവൃത്തികൾ നടപ്പിലാക്കിയ ഇനത്തിൽ 14418314/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| • | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2653 |
| • | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2653 |
| • | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം1 | 219 |
| • | തൻവർഷത്തെ ആകെ അടങ്കൽ | 15547000 |
| • | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 177 |
| • | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 177 |
| • | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | ഇല്ല |
| • | തൻവർഷത്തെ ചെലവ് | 12106969 |
| • | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1716 |
| • | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1716 |
| • | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ | 7 |

| | | |
|---|---|---|
| | എണ്ണം | |
| • | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്? തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | ഇല്ല |
| • | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | ഇല്ല |
| • | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ? | ഉണ്ട് |
| • | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര്/എണ്ണം) | ഇല്ല |
| • | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | ഏപ്രിൽ |
| • | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് |
| • | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | ഇല്ല |

സ്ഥായിയായ ആസ്തികൾ ആർജ്ജിക്കാൻ ഉതകുന്ന പദ്ധതികൾ ഏറ്റെടുക്കുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 4-ാം വകുപ്പിലെ ഉപവകുപ്പ് (3)-ന് കീഴിലെ പട്ടിക 1പ്രകാരം ഈടുനിൽക്കുന്ന ആസ്തികളുടെ രൂപീകരണത്തിനുള്ളതും ദരിദ്രരായ ഗ്രാമീണരുടെ ജീവനോപാധികൾ ശക്തിപ്പെടുത്തുന്നതുമായ പ്രവൃത്തികളാണ് ഈ സ്കീമിൽ ഏറ്റെടുക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ഓഡിറ്റ് കാലയളവിൽ 12106969 രൂപ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചെങ്കിലും സ്ഥായിയായ ആസ്തികൾ ഒന്നും തന്നെ ആർജ്ജിക്കുകയുണ്ടായിട്ടില്ല. പ്രവൃത്തിയുടെ സാധന, വേതന ഘടകം 60:40 എന്ന അനുപാതം ആയിരിക്കേണ്ടതാണെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത എല്ലാ പ്രവൃത്തികളിലും വേതന ഘടകം മാത്രം ഉൾപ്പെട്ടിരുന്നതിനാൽ സ്ഥായിയായ ആസ്തികൾ ആർജ്ജിക്കാൻ സാധിച്ചിട്ടില്ല.

തൊഴിൽ നൽകിയതിന്റെ വിവരം

| വർഷം | രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | തൊഴിൽ കാർഡ് നല്കിയ കുടുംബങ്ങൾ | തൊഴിലിന് അപേക്ഷിച്ച കുടുംബങ്ങൾ | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | നല്കിയ തൊഴിൽ ദിനങ്ങൾ | ശരാശരി തൊഴിൽ ദിനങ്ങൾ | നൂറു ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ |
|---|---|---|---|---|---|---|---|
| 2015-16 | 2653 | 2653 | 1716 | 1716 | 60722 | | 7 |

| വർഷം | നടപ്പിലാക്കിയ പദ്ധതികൾ | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | നൽകിയ തൊഴിൽ ദിനങ്ങൾ | നൽകാമായിരുന്ന തൊഴിൽ ദിനങ്ങൾ | നിഷേധിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | തൊഴിലാളികൾക്ക് നിഷേധിക്കപ്പെട്ട വേതനം |
|---|---|---|---|---|---|---|---|
| 2015-16 | 177 | 1716 | 1716 | 60722 | 171600 | - | - |

തൊഴിലിന് അപേക്ഷിച്ചവർക്കെല്ലാം 100 ദിവസം തൊഴിൽ നൽകിയില്ല

ഗ്രാമങ്ങളിലെ അവിദഗ്ധ തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽനൽകുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ദേശീയതൊഴിലുറപ്പ് നിയമപ്രകാരം തൊഴിൽ ചെയ്യാൻ തയ്യാറായ ഓരോ കുടുംബത്തിനും സർക്കാർ ഒരു സാമ്പത്തിക വർഷം നൂറ് ദിവസത്തിൽ കുറയാതെ തൊഴിൽ നല്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷങ്ങളിൽ ഗ്രാമീണ ജനതയുടെ ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമിട്ട് നടപ്പിലാക്കിയ പദ്ധതിയുടെ അന്തസ്സത്ത ഉൾക്കൊള്ളാതെ തൊഴിലിനപേക്ഷിച്ച എല്ലാ

കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ ലഭ്യമാക്കുന്നതിന് ആവശ്യമായത്ര പദ്ധതികൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയില്ല. ഓഡിറ്റ് വർഷം 7 പേർക്ക് മാത്രമാണ് 100 ദിവസം തൊഴിൽ നൽകാനായിട്ടുള്ളത്. സ്ഥിരമായി തൊഴിൽ ആവശ്യപ്പെടുന്ന തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ നൽകുന്നതിനാവശ്യമായ പ്രോജക്ടുകൾ പഞ്ചായത്ത് ഏറ്റെടുക്കാത്തതിനാൽ മേൽകാണിച്ചിരിക്കുന്ന പ്രകാരം 171600 തൊഴിൽ ദിനങ്ങളും, അതനനുസരിച്ച് തൊഴിലാളികൾക്ക് വേതനം ഇനത്തിൽ ലഭിക്കുമായിരുന്ന രൂപയും നഷ്ടപ്പെട്ടു. ഇതു കൂടാതെ പ്രവൃത്തികളുടെ നിർവ്വഹണത്തിലൂടെ ആർജ്ജിക്കാമായിരുന്ന ആസ്തിയും നഷ്ടപ്പെടുകയുണ്ടായി.

പദ്ധതി നടത്തിപ്പിനായി രണ്ട് ഓവർസീയർമാരും, രണ്ട് അക്കൗണ്ടൻറ്മാരും ഉള്ള പഞ്ചായത്തിൽ ഭാവനാപൂർണ്ണമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ വന്ന വീഴ്ചയാണ് ഇതിന് കാരണം.

തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ നൽകാൻ കഴിയുന്ന രീതിയിലുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതും, നടപ്പിലാക്കേണ്ടതുമാണ്. പരമാവധി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനും കേന്ദ്ര വിഹിതം പൂർണ്ണമായും തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## (4-1) സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## (4-2) ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

സെക്രട്ടറി,അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ 2015-16 വർഷം വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി കേരള വാട്ടർ അതോറിറ്റിയ്ക്ക് വികസന ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറി നം 9 മുഖേന വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| പ്രവർത്തിയുടെ പേർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| മേക്കണ്ണം ഇടക്കണ്ണം മേടപ്പാറ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | സെക്രട്ടറി | 360000 | 359918 | 82 |
| വി കെ പാറ ഓമല്ലൂർ പടി-കുറത്തിയാട്ട് പടി , മുള്ളൂർ പടി, കൊച്ചുമണ്ണിൽ പടി, മായപ്പടി വയലും കരോട്ട് പടി-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | -ടി- | 720000 | 720000 | ഇല്ല |
| കെ കെ പാറ സോമരാജൻ പടി മുതൽ | -ടി- | 200000 | 200000 | ഇല്ല |

| | | | | |
|---|---|---|---|---|
| തകിടി പടി വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | | |
| മണ്ണീറ ജംഗ്ഷൻ ഇടമുരുപ്പ് റോഡ് തെരുവ് വിളക്ക് ലൈൻ നീട്ടൽ | -ടി- | 50000 | 49813 | 187 |
| മുളമൂട്ടിൽ പട് മേലെ പറക്കുളം റോഡിൽ തെരുവ് വിളക്ക് ലൈൻ നീട്ടൽ | -ടി- | 150000 | 149875 | 125 |
| മുണ്ട് പിലാക്കൽ പടി-ശ്രുഭാലയം പടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | -ടി- | 100000 | 99953 | 47 |
| മീൻ മൂട്ടിൽ പ്പടി ഇടക്കുളം റോഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | -ടി- | 100000 | 99953 | 47 |
| മൂഴി ഇലവുങ്കൽ കോളനി കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | അസിസ്റ്റന്റ് സെക്രട്ടറി | 623136 | 623136 | ഇല്ല |

## (4-3) വായ്പ / വായ്പ തിരിച്ചടവ്

2015-16 സാമ്പത്തിക വർഷത്തെ വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | സ.ഉ (സാധാ) 563/2010 ത സ്വ ഭ വ തീയതി 22.02.10 | 16452000 | 6564006 | 6564006 | Nil | 0 |

## (4-4) സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## (4-5) ഓഡിറ്റ് റിക്കവറി

1) ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന അടവിൽ കുറവ് / അധികച്ചെലവ് എന്നിവയുടെ തിരിച്ചടവ്

ഇല്ല.

2) മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് / ഔദ്യോഗിക പേര് | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2013-14 &2015-16 | ഖണ്ഡിക നം 3-8 | 2250 | ശ്രീജിത്ത് എം എസ് ടെക്നിക്കൽ അസിസ്റ്റന്റ് | 1150210913/ 31-03-2016 |

## (4-6) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## (4-7) ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75406291 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73096758 |
| വരവിനങ്ങളിലുള്ള നഷ്ടം : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ : ഓഡിറ്റിൽ അംഗീകരിക്കാത്ത തുക: | 241617 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക : | 1232597 |

(ബി) പഞ്ചായത്തു ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-6 | | 241617 | ശ്രീമതി. റജീന. ഐ. അസി. എഞ്ചിനീയർ ശ്രീമതി. മഞ്ജു.ആർ.വി. അസി എക്സി എഞ്ചിനീയർ (തുല്യ |

| | | | |
|---|---|---|---|
| | | | ഉത്തരവാദികൾ) |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 1097597 | ശ്രീമതി. റജീന. ഐ.<br>അസി. എഞ്ചിനീയർ |
| 3-13 | 70000 | കെ പി സുനിൽകുമാർ,സെക്രട്ടറി |
| 3-14 | 65000 | മുകുന്ദൻ വി,സെക്രട്ടറി |

സി)കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റജീന ഐ.<br>അസി എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് | അജ്മസ്സ് ബിൽഡിംഗ്<br>കാരുംമൂട്<br>കുണ്ടയം പി ഒ<br>പത്തനാപുരം |
| മുകുന്ദൻ വി,<br>സെക്രട്ടറി | ആനിക്കാട് പഞ്ചായത്ത്സെക്രട്ടറി | ഏഴോലക്കൽ വീട്,<br>മാടപ്പള്ളി പി.ഒ.<br>ചങ്ങനാശ്ശേരി. |
| കെ പി സുനിൽകുമാർ,<br>സെക്രട്ടറി | ചെമ്മരുതി പഞ്ചായത്ത് തിരുവനന്തപുരം | എസ് ആർ എ 102(A)<br>മയൂരം<br>ശാസ്താ നഗർ<br>തിരുമല പി ഒ<br>695006<br>തിരുവനന്തപുരം |
| ശ്രീമതി. മഞ്ജു.ആർ.വി.<br>അസി എക്സി എഞ്ചിനീയർ | അസി എക്സി എഞ്ചിനീയർ,<br>ചവറ ബ്ലോക്ക് | നടയിൽ പടിഞ്ഞാറ്റേതിൽ, നം. 20. SMRA<br>മുളങ്കാടകം , |

| | | |
|---|---|---|
| | | തിരുമുല്ലവാരം പി.ഒ.<br>കൊല്ലം. -12 |

## (4-8) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഒഴിവാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ. എഫ് പി റ്റി എ പി 2/ 543/03<br>തീയതി 15.10-2004 | 3 |
| 1999-00 | എൽ. എഫ് പി റ്റി എ പി2/640/03<br>തീയതി 18-10-2004 | 1 |
| 2000-01 | എൽ. എഫ് പി റ്റി എ പി2/639/03<br>തീയതി 28-10-2004 | 9 |
| 2001-02(ജ ആ) | എൽ. എഫ് പി റ്റി എ പി 2/643/03<br>തീയതി 28-10-04 | 2 |
| 2001-02(വരവ്) | എൽ. എഫ് പി റ്റി എ പി 9/745/08<br>തീയതി 23-04-09 | |
| 2002-03(വരവ്) | എൽ. എഫ് പി റ്റി എ പി 9/746/08<br>തീയതി 31-05-09 | |
| 2002-03 (ചെലവ്) | എൽ. എഫ് പി റ്റി എ പി3/ 829/07<br>തീയതി 17-03-08 | |
| 2003-04 | എൽ. എഫ് പി റ്റി എ പി7/203/10<br>തീയതി 13-01-11 | |
| 2004.05 | എൽ. എഫ് പി റ്റി എ പി9/204/10<br>തീയതി 11-01-11 | |
| 2005-06 | എൽ. എഫ് പി റ്റി എ പി9/970/11<br>തീയതി 12-12-11 | |
| 2006-07 | എൽ. എഫ് പി റ്റി എ പി9/971/11 | |

| | | |
|---|---|---|
| | തീയതി 12-12-11 | |
| 2007-08 | എൽ. എഫ് പി റ്റി എ പി9/242/12<br><br>തീയതി 14-05-12 | |
| 2008-09 | എൽ. എഫ് പി റ്റി എ പി 9/ 243/12<br><br>തീയതി 06-06-12 | |
| 2009-10 | എൽ. എഫ് പി റ്റി എ പി 9/ 262/12<br><br>തീയതി 06-06-12 | |
| 2010-11 | എൽ. എഫ് പി റ്റി എ പി 9/ 606/13<br><br>തീയതി 21-10-13 | |
| 2011-12 | എൽ. എഫ് പി റ്റി എ പി 9/ 607/13<br><br>തീയതി 30-11-13 | |
| 2012-13 | എൽ. എഫ് പി റ്റി എ പി 9/ 261/15<br><br>തീയതി 15-07-15/21-07-15 | |
| 2013-14&2014-15 | എൽ. എഫ് പി റ്റി എ പി 9/129/16തീയതി 6.2.2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല

# Annexure- 1

# CERTIFICATE

No.KSAPTA P9/1450/16 Dated : 20.01.2017

Certified that I have examined the Annual Financial Statement of Thannithode Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thannithode Grama Panchayat for the year 2015-16 except the obeservations in the report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State AuditDepartment

Pathanamthitta

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി 9/1450/16 തീയതി:20.01.2017.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട